**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 235** | **27-06-2022 - ൽ മറുപടിയ്ക്ക്**

**സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അപൂർവ്വ രോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അപൂർവ്വ രോഗം ബാധിച്ചിട്ടുള്ളവർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | 173 പേർ |
| (ബി) | ഈ അസുഖത്തിനുള്ള ഉയർന്ന വിലയുള്ള മരുന്ന് രോഗികൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (ബി) | സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അസുഖത്തിനുള്ള ഉയർന്ന വിലയുള്ള മരുന്ന് രോഗികൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 30.04.2022 തീയതിയിൽ സർക്കാർ ഉത്തരവ് (സാധാ) നം. 970/2022/ആരോഗ്യം പ്രകാരം ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി 02.06.2022 ൽ മരുന്നു കമ്പനി പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന RISDIPLAM FOR ORAL SOLUTION 60 MG/ 80ML (0.75 MG/ML) എന്ന മരുന്ന് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനായി 21 ബോട്ടിൽ ലഭ്യമാക്കുന്നതിന് 14.06.2022 ന് വിതരണാനുമതി നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ